**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5285** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ നിലവിൽ ഏതൊക്കെ കായിക ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". 9 കായികയിനങ്ങളിൽ നിന്നും ദേശീയ അന്തർദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എസ്.എച്ച് മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം 4 കായിക ഇനങ്ങളിൽ പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു കായികയിനത്തിൽ 20 കുട്ടികൾ എന്ന കണക്കിലാണ് നിലവിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഹോക്കി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ഹോക്കി ഉൾപ്പെടുത്തിയിട്ടില്ല. ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ